## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4073 24.06.2019 -ലെ മറുപടിക്ക്**

**<u>പ്രധാൻമന്ത്രി ആദർശ് ഗ്രാമം പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.ശർമ്മ<br>ശ്രീ. പി.കെ. ശശി<br>ശ്രീ. എം. നൗഷാദ്<br>ശ്രീ. സി.കൃഷ്ണൻ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന വില്ലേജുകളുടെ സമഗ്ര വികസനത്തിനായി പ്രധാൻമന്ത്രി ആദർശ് ഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | പ്രധാൻമന്ത്രി ആദർശ് ഗ്രാമം പദ്ധതി പ്രകാരം ഇടുക്കിയിലെ കണ്ണൻ ദേവൻ ഹിൽസ്(KDH) വില്ലേജ് കേന്ദ്രസർക്കാർ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത വില്ലേജുകളുടെ എന്തെല്ലാം വികസനമാണ് പി.എം.എ.ജി.വൈ. യിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത വില്ലേജുകളിലെ കുടുംബങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പുറമേ ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ള ലഭ്യത, വൈദ്യുതി ലഭ്യത, ഗതാഗത സൗകര്യങ്ങൾ, അടിസ്ഥാന ആവശ്യങ്ങൾ എന്നിവയാണ് പി.എം.എ.ജി.വൈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. |
| (സി) | കേന്ദ്രസഹായത്തിന് ആനുപാതികമായ സംസ്ഥാന സഹായം പ്രസ്തുത പദ്ധതിക്കായി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | നിലവിലുള്ള കേന്ദ്ര – സംസ്ഥാന പദ്ധതികളുടെ സമന്വയത്തിലൂടെയാണ് പരിപാടി നടപ്പിലാക്കുന്നത്. കേന്ദ്രസർക്കാർ വിടവുകൾ നികത്തുന്നതിന് 20 ലക്ഷം രൂപ അനുവദിക്കും. |
| (ഡി) | സംസ്ഥാനത്ത് പദ്ധതി പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | കേന്ദ്ര പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാനത്ത് ഇടുക്കി ജില്ലയിലെ കെ.ഡി.എച്ച്. വില്ലേജ് മാത്രമേ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളൂ. ടി പദ്ധതിയുടെ ഏകോപനത്തിനായി ജില്ലാതല കൺവെർജൻസ് കമ്മറ്റിയും മൂന്നാർ, ദേവികുളം പഞ്ചായത്ത്തല കൺവെർജൻസ് കമ്മറ്റികളും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ